(ഡി) ഉപഭോക്താക്കൾക്ക് പാചകവാതകം വിതരണം ചെയ്യുന്നത് സംബന്ധിച്ച് മാനദണ്ഡം വ്യക്തമാക്കുമോ;

(ഇ) പല പാചകവാതക ഏജൻസികളും ഉപഭോക്താക്കൾക്ക് കൃത്യമായി റീ-ഫില്ലിംഗ് നൽകാതെ കൂടിയ വിലയ്ക്ക് മറിച്ചുനൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പാചകവാതക വിതരണത്തിൽ കൃത്രിമം കാണിക്കുന്നവരുടെ ഏജൻസി റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2000 ഡിസംബർ ഒന്നിന് സംസ്ഥാനത്തെ പൊതുമേഖലാ ഓയിൽ കമ്പനികളിലെ പാചകവാതക ഉപഭോക്താക്കൾ 25.64 ലക്ഷമാണ്.

(ബി) 2000 ഡിസംബർ ഒന്നിലെ കണക്കു പ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ ഓയിൽ കമ്പനികളുടെ 252 പാചകവാതക ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) പെട്രോളിയം മന്ത്രാലയം നിയമിക്കുന്ന ഡീലർ സെലക്ഷൻ ബോർഡാണ് പാചകവാതക ഏജൻസികളെ തെരഞ്ഞെടുക്കുന്നത്. വിവിധ പ്രദേശങ്ങളിലേക്ക് പാചകവാതകവിതരണക്കാരെ ക്ഷണിച്ചുകൊണ്ടുള്ള ഓയിൽകമ്പനികളുടെ പത്രപ്പരസ്യത്തിന്റെ അടിസ്ഥാനത്തിലുള്ള അപേക്ഷകരെ ഡീലർ സെലക്ഷൻ ബോർഡ് ഇന്റർവ്യൂ നടത്തുകയും ഡീലർ സെലക്ഷൻ ബോർഡിന്റെ അന്തിമ ശുപാർശയുടെ അടിസ്ഥാനത്തിൽ ഓയിൽ കമ്പനികൾ പാചകവാതക ഏജൻസികളെ നിയമിക്കുകയും ചെയ്യുന്നു. ഇതിനുള്ള മാനദണ്ഡങ്ങളും പോളിസി തീരുമാനങ്ങളും കേന്ദ്രസർക്കാരിന്റെ പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയമാണ് നിശ്ചയിക്കുന്നത്.

(ഡി) പാചകവാതക വിതരണത്തെ സംബന്ധിക്കുന്ന പോളിസി കാര്യങ്ങൾ തീരുമാനിക്കുന്നത് പെട്രോളിയം പ്രകൃതിവാതക മന്ത്രാലയമാണ്. വില്പന വില, ഏജൻസി കമ്മീഷൻ ഉപഭോക്താക്കളിൽ നിന്നും മറ്റു ചാർജ്ജുകൾ ഈടാക്കുന്നത് തുടങ്ങിയ കാര്യങ്ങളും തീരുമാനിക്കുന്നത് പെട്രോളിയം മന്ത്രാലയമാണ്.

(ഇ) ചില ഗ്യാസ് ഏജൻസികളെപ്പറ്റി ഉപഭോക്താക്കളുടെ പരാതികൾ കിട്ടിയിട്ടുണ്ട്. അവശ്യസാധന നിയമമനുസരിച്ച് ഇത്തരം പരിത : സ്ഥിതികളിൽ യുക്തമായ നടപടികൾ കൈക്കൊള്ളാറുണ്ട്.

(എഫ്) പാചകവാതക വിതരണത്തിൽ കൃത്രിമം കാണിക്കുന്ന ഏജൻസികൾക്കെതിരെ ഉചിതമായ നടപടികൾ പൊതുമേഖലാ ഓയിൽ കമ്പനികൾ സ്വീകരിച്ചുവരുന്നുണ്ട്.

121 (140) റേഷൻകാർഡ് വിതരണം

ശ്രീ. പി.പി.തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻകാർഡിനു അപേക്ഷ നൽകുന്നവർക്ക് താൽക്കാലിക കാർഡുകളാണ് നൽകുന്നതെന്ന കാര്യം സർക്കാരിനറിവുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) താൽക്കാലിക കാർഡുകൾ നൽകിയാൽ മതിയെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സ്ഥിരം കാർഡു നൽകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) താൽക്കാലിക കാർഡുകൾ കാലാകാലങ്ങളിൽ പുതുക്കേണ്ടതായി വരുന്നതിലുള്ള ബുദ്ധിമുട്ടു പരിഗണിച്ച് അപേക്ഷകർക്ക് സ്ഥിരം റേഷൻ കാർഡു നൽകാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് റേഷൻകാർഡിന് അപേക്ഷിക്കുന്നവർക്ക് സ്ഥിരം കാർഡുകളാണ് നൽകുന്നത്. അച്ചടിച്ച സ്ഥിരം കാർഡുകൾ സ്റ്റോക്കില്ലാത്തതിനാൽ ചില ജില്ലകളിൽ താൽക്കാലിക കാർഡുകളുടെ ഫാറത്തിലാണ് കാർഡ് നൽകിവരുന്നത്. ഇപ്പോൾ സ്ഥിരം കാർഡുകൾ ലഭ്യമാക്കിവരുന്നുണ്ട്.

(ബി) ഇല്ല.

(സി) അച്ചടിച്ച സ്ഥിരം കാർഡുകൾ സ്റ്റോക്കില്ലാത്തതിനാലാണ് പകരം താൽക്കാലിക കാർഡുകൾ നൽകേണ്ടിവന്നത്. ഇപ്പോൾ അവ സ്ഥിരം കാർഡുകളാക്കി നൽകിയിട്ടുണ്ട്.

(ഡി) സ്ഥിരം കാർഡുകൾ നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

122 (141) നിത്യോപയോഗസാധനങ്ങളുടെ വില

ശ്രീ.ഇ.എം.അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ നടത്തുന്ന സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ എന്നിവയിലൂടെ നൽകുന്ന അരിയുടെ വിലയിൽ 1995-96, 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള ഏറ്റക്കുറച്ചിൽ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) 1995-96-ലെ അരി വിലയെ അപേക്ഷിച്ച് 1999-2000-ൽ അരിക്ക് എന്തു വില വ്യത്യാസം ഉണ്ടായിട്ടുണ്ട്;

(സി) ഈ വ്യത്യാസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റേഷൻ അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വില എത്രയായിരുന്നു; ഇപ്പോൾ അവയുടെ വില എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നിത്യോപയോഗസാധനങ്ങളുടെ വിലയെന്തായിരുന്നുവെന്നും അവയുടെ ഇപ്പോഴത്തെ വില എത്രയാണെന്നും വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly